**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2113 — 04.11.2019 ൽ മറുപടിക്ക്

## ആർദ്രം പദ്ധതി വഴി പുതിയ സേവനങ്ങൾ

| ചോദ്യം<br>ശ്രീ.ജോർജ് എം. തോമസ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ കേന്ദ്രങ്ങളിൽ എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളും ആണ് പുതിയതായി ഉൾപ്പെടുത്തിയതെന്ന് വിശദമാക്കുമോ; | (എ) | കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ സേവന മേഖലകൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഒ.പി.സേവനങ്ങൾ വൈകുന്നേരം 6 മണിവരെ ആക്കുകയും, നഴ്സസ് പ്രീ-ചെക്ക്-അപ്പ് കൗൺസിലിംഗ്, നിത്യേനയുള്ള ജീവിതശൈലീരോഗ ക്ലിനിക്കുകൾ, ആസ്ത്മ, ശ്വാസംമുട്ടൽ രോഗങ്ങൾക്കുള്ള ശ്വാസ് ക്ലിനിക്കുകൾ, മാനസികാരോഗ്യ പരിചരണത്തിനുള്ള 'ആശ്വാസ് ക്ലിനിക്', നഴ്സസ്മാരുടെ സ്ഥാപനതല 'ഔട്ട് റീച്ച് പ്രോഗ്രാം' തുടങ്ങിയവ നടത്തി വരുന്നു. ഈ സ്ഥാപനങ്ങളിലേയ്ക്ക് ലബോറട്ടറി സൗകര്യങ്ങൾ ഒരുക്കുകയും ലാബ് ടെക്നീഷ്യന്റെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുകയും ചെയ്യുകയുണ്ടായി. ആവശ്യമായ ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കുക, ഫീൽഡ് പ്രവർത്തനങ്ങളും, ഉപകേന്ദ്ര പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുക, ജീവനക്കാർക്കുള്ള പരിശീലന പരിപാടികൾ തുടങ്ങിയ കാര്യങ്ങൾ ഇതിന്റെ ഭാഗമായി നടന്നു വരുന്നു. ടി സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | കൂടുതലായി നൽകുന്ന സേവനം എന്നുമുതൽ ആരംഭിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയ എല്ലാ സ്ഥാപനങ്ങളിലും പ്രവർത്തന സജ്ജമാക്കുന്ന മുറയ്ക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതാണ്. |

Hari
സെക്ഷൻ ഓഫീസർ